TB Movie Panel Weekly Review

# ഇരുൾ

Written By : Arjun Anand

കോവിഡ് -19 മൂലം മലയാളസിനിമയ്ക്ക് സംഭവിച്ച വലിയൊരു മാറ്റം ആണ് ഒ ടി ടി പ്ലാറ്റുഫോമുകൾ ലക്ഷ്യമിട്ടു ഒട്ടനവധി ചിത്രങ്ങൾ സൃഷ്ടിക്കപ്പെടാൻ തുടങ്ങി എന്നുള്ളത്... ഒ ടി ടി പ്ലാറ്റ്ഫോം രംഗത്തെ വമ്പന്മാരിൽ ഒന്നായ ആമസോൺ പ്രൈമിന് ദൃശ്യം 2ന്റെ റിലീസും നീസ്ട്രീമിനു ഗ്രേറ്റ് ഇന്ത്യൻ കിച്ചനും ( മറിച്ചും ) നേടിക്കൊടുത്ത സ്വീകാര്യത നമ്മൾ കണ്ടറിഞ്ഞതാണ്... പിന്നീട് ഇങ്ങോട്ട് ഒട്ടനവധി ചിത്രങ്ങൾ പല ഭാഷകളിൽ ആയി ഒ ടി ടി വഴി പ്രേക്ഷകർക്ക് മുൻപിൽ എത്തി... ഏറ്റവും ഒടുവിൽ നെറ്റ്ഫ്ലിക്സ് എന്ന വമ്പൻ വഴി ലോകപ്രേക്ഷകരിലേക്ക് എത്തിയ ഒരു മലയാള ചിത്രം ആണ് "ഇരുൾ "..

മലയാള സിനിമയിൽ ഇപ്പോൾ അല്പം ഡാർക്ക് മൂഡിൽ കഥ പറയുന്ന മിസ്റ്ററി ത്രില്ലർ ചിത്രങ്ങളുടെ കാലം ആണെന്ന് പറയാം... സിനിമ മുൻപോട്ട് പോകുന്നതോടൊപ്പം പ്രേക്ഷകനെയും അവൻ പോലും അറിയാതെ ആര്? എന്തിന്? എങ്ങനെ? എന്നുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം തേടിക്കൊണ്ടിരിക്കുവാൻ പ്രേരിപ്പിക്കുന്ന ഇത്തരം ചിത്രങ്ങൾക്ക് പൊതുവെ നല്ല സ്വീകാര്യതയും ലഭിക്കാറുണ്ട്.. ഇരുളും ശ്രമിക്കുന്നത് അതിനു തന്നെയാണ്...

പുതുമുഖം നസീഫ് യൂസുഫ് ഐസുദീൻ ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്... സംവിധായകൻ ആയുള്ള തന്റെ കന്നി ചിത്രം സാങ്കേതികപരമായി മികച്ചു നിർത്തുവാനുള്ള ബോധപൂർവമായ ശ്രമം സംവിധായകന്റെ ഭാഗത്തു നിന്നു ഉണ്ടായിട്ടുണ്ടെങ്കിലും പ്രമേയപരമായും അഭിനേതാക്കളുടെ പ്രകടനവും ആ ശ്രമത്തോട് നീതി പുലർത്തിയിട്ടില്ല എന്ന് നിസംശയം പറയാൻ കഴിയും..

പ്രധാനമായും മൂന്നു കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചാണ് ചിത്രം മുന്പോട്ട് പോകുന്നത്... ബിസിനസ്കാരനും എഴുത്തുകാരനും ആയ അലെക്സും, വക്കീലായ, അയാളുടെ കാമുകി അർച്ചനയും ചേർന്നു ഒരു യാത്ര പോകുകയും, മഴയുള്ള ആ രാത്രിയുടെ ഇരുട്ടിൽ അവരുടെ വാഹനം ബ്രേക്ക് ഡൌൺ ആകുകയും, അടുത്ത് കണ്ട ഒറ്റപെട്ട വീട്ടിൽ അവർ അഭയം തേടുകയും ചെയ്യുന്നു... ആ വീട്ടിലെ താമസക്കാരൻ ആയ, ദുരൂഹത നിറഞ്ഞ പെരുമാറ്റമുള്ള വീട്ടുടമസ്ഥനുമായി അവർ പരിചയം സ്ഥാപിക്കുകയും പിന്നീട് ഉള്ള ഏതാനും മണിക്കൂറുകൾ അവർ മൂന്നു പേരുടെയും ജീവിതത്തിൽ
ഉണ്ടാകുന്ന സംഭവങ്ങളിലൂടെയും ആണ് ചിത്രം വികസിക്കുന്നത്..

എഴുത്തുകാരൻ ആയി എത്തുന്നത് സൗബിനും അയാളുടെ കാമുകി ആയി എത്തുന്നത് ദർശനയുമാണ്... ദുരൂഹതകൾ നിറഞ്ഞ ആ വീടിന്റെ ഉടമസ്ഥൻ ആയി എത്തുന്നത് ഫഹദ് ഫാസിൽ ആണ്... മൂന്നു പേരും തങ്ങളുടെ കഥാപാത്രങ്ങളോട് പ്രമേയം അർഹിക്കുന്ന നീതി പുലർത്തിയില്ല എന്ന് തികഞ്ഞ നിരാശയോടെ തന്നെ അംഗീകരിക്കേണ്ടി വരും.. ഏറ്റവും നിരാശ സമ്മാനിച്ചത് സൗബിന്റെ പ്രകടനം ആണ്.. ഒരു ബിസ്സിനെസ്സ്കാരനെയോ, അയാളിലെ എഴുത്തുകാരനെയോ, അയാളിലെ കാമുകനെയോ ഒന്നും സൗബിന്റെ സംഭാഷണങ്ങളിലോ ശരീര ചലനങ്ങളിലോ ഒന്നും പ്രേക്ഷകർക്ക് കാണാൻ കഴിയില്ല... കുമ്പളങ്ങിയിലെ സജിയിൽ നിന്നും ഇനിയും അയാൾ മുക്തൻ ആയിട്ടില്ലെന്ന് തോന്നും വിധമുള്ള പ്രകടനവും സംഭാഷണരീതിയും..അതിന്റെ ഉത്തരവാദിത്വം ഏൽക്കേണ്ടത് സൗബിനെക്കാൾ ഉപരി അല്പം നാടകീയത നിറഞ്ഞ ആ കഥാപാത്രത്തിലേക്ക് തന്റേതായ സ്വാഭാവിക ശൈലിയിൽ മാത്രം അഭിനയിക്കുന്ന സൗബിനെ തിരഞ്ഞെടുത്ത സംവിധായകൻ തന്നെ ആണ് ... ഏതു വേഷവും അനായാസം തോളിലേറ്റുന്ന ഫഹദിനും ഇക്കുറി പലയിടത്തും താളം തെറ്റി, അല്ലെങ്കിൽ ഒരു താല്പര്യമില്ലായ്മ അയാളുടെ പ്രകടനത്തിൽ എവിടെയൊക്കെയോ മുഴച്ചു നിൽക്കുന്നുണ്ട്... പലപ്പോഴും ട്രാൻസിലെയും തൊണ്ടിമുതലിലേയും പ്രകടങ്ങളുടെ തുടർച്ച ആവുന്നുണ്ട് ഇരുളിലെ കഥാപാത്രം.. ദർശനക്കും കാര്യമായി ഒന്നും ചെയ്യാൻ ഉണ്ടായിരുന്നില്ല... ഈ ഒരു കഥയ്ക്കും പശ്ചാത്തലത്തിനും ചേരുന്ന അഭിനേതാക്കളെ തിരഞ്ഞെടുത്തിരുന്നെകിൽ ഒരു പക്ഷെ ഒരു പരിധിവരെ സിനിമയെ ഇരുളിൽ നിന്നും വെളിച്ചത്തേയ്ക്ക് കൊണ്ടുവരാമായിരുന്നു ...

ചിത്രത്തിൽ ആശ്വാസകരമായി തോന്നിയത് ജോമോൻ ടി ജോണിന്റെ വിഷ്വൽസും അന്താരാഷ്ട്ര നിലവാരം പുലർത്തിയ സൗണ്ട് ഡിപ്പാർട്മെന്റും ആണ്... പക്ഷെ പ്രേക്ഷകൻ സിനിമയിൽ പൂർണമായും മുഴുകുവാൻ തക്കവണ്ണമുള്ള കഥയോ സന്ദർഭങ്ങളോ ഒരുക്കുവാൻ കഴിഞ്ഞില്ല എങ്കിൽ സാങ്കേതികവശങ്ങളിൽ പുലർത്തുന്ന മേന്മയും പാഴാക്കപ്പെടുകയെ ഉള്ളൂ...ടെക്നിക്കലി ശരാശരി നിലവാരം മാത്രം പുലർത്തിയ ദൃശ്യം 2 വേറിട്ടു നിൽക്കുന്നതും അവിടെയാണ്..

ചുരുക്കത്തിൽ പ്രേക്ഷനെ പൂർണമായും എൻഗേജ് ചെയ്യിക്കാത്ത, പ്രവചനീയമായ "നിഗൂഢതകൾ " ഒളിപ്പിച്ചു വയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടു ഒടുവിൽ പ്രേക്ഷകന് പൂർണമായും തൃപ്തി നൽകാത്ത ഒരു ക്ലൈമാക്സും കൂടി ആകുമ്പോൾ, ഒരുവട്ടം കാണാവുന്ന ഒരു ശരാശരി ചിത്രമായി ഒതുങ്ങി പോകുന്നുണ്ട് ഇരുൾ...